प्रेस प्रकाशनी പ്രസ്സ് റിലീസ്

भारतीय रिज़र्व बैंक
ഭാരതീയ റിസർവ് ബാങ്ക്

वेबसाइट : www.rbi.org.in/hindi
വെബ്സൈറ്റ് : www.rbi.org.in
ई-मेल/ ഇമെയിൽ : helpdoc@rbi.org.in

**संचार विभाग,** केंद्रीय कार्यालय, शहीद भगत सिंह मार्ग, फोर्ट, मुंबई - 400 001
**ആശയവിനിമയ വകുപ്പ്**, കേന്ദ്ര കാര്യാലയം , ഷാഹിദ് ഭഗത് സിംഗ് മാർഗ് , ഫോർട്ട്, മുംബൈ- 400 001 फोन/ഫോൺ : **022 - 2266 0502**

നവംബർ 21, 2024

## ഒഡീഷയിലെ 'ദി സുന്ദർഗർഹ് ഡിസ്ട്രിക്ട് സെൻട്രൽ കോ-ഓപ്പറേറ്റിവ് ബാങ്ക് ലിമിറ്റഡിന്' മേൽ ഭാരതീയ റിസർവ് ബാങ്ക് പണപ്പിഴ ചുമത്തി

ബാങ്കിങ് റെഗുലേഷൻ ആക്ട്, 1949 ന്റെ ( ബി ആർ ആക്ട്) വകുപ്പ് 20 ഉം 26എ യും വകുപ്പ് 56 ഉം ആയി കൂട്ടി വായിച്ചതിൻ പ്രകാരമുള്ള വ്യവസ്ഥകൾ ലംഘിച്ചതിനും " *'നിങ്ങളുടെ ഉപഭോക്താവിനെ അറിയുക (കെ വൈ സി)- മാനദണ്ഡങ്ങൾ* " എന്ന വിഷയത്തെ സംബന്ധിച്ച ആർ. ബി. ഐ യുടെ ചില നിശ്ചിത നിർദ്ദേശങ്ങൾ പാലിക്കാത്തതിനും 2024 നവംബർ 13 ലെ ഉത്തരവു പ്രകാരം, ഒഡീഷയിലെ 'ദി സുന്ദർഗർഹ് ഡിസ്ട്രിക്ട് സെൻട്രൽ കോ- ഓപ്പറേറ്റിവ് ബാങ്ക് ലിമിറ്റഡിന് (പ്രസ്തുത ബാങ്ക്) മേൽ ഭാരതീയ റിസർവ് ബാങ്ക് (ആർ.ബി.ഐ), 3,00,000/- രൂപ (മൂന്നു ലക്ഷം രൂപ മാത്രം) പിഴ ചുമത്തി. 1949 ലെ ബാങ്കിംഗ് റെഗുലേഷൻ ആക്ടിലെ 47എ(1)(സി) വകുപ്പിനൊപ്പം 46(4)(i), 56 എന്നീ വകുപ്പുകൾ കൂട്ടിവായിച്ച പ്രകാരം ആർ.ബി.ഐ.യിൽ നിക്ഷിപ്തമായിട്ടുള്ള അധികാരങ്ങൾ ഉപയോഗിച്ചാണ് ഈ പിഴ ചുമത്തിയിരിക്കുന്നത്.

പ്രസ്തുത ബാങ്കിന്റെ മേലുള്ള നിയമപ്രകാരമുള്ള പരിശോധന, അതിന്റെ 31 മാർച്ച് 2023 വരെയുള്ള സാമ്പത്തിക സ്ഥിതിയെ അടിസ്ഥാനമാക്കി, നാഷനൽ ബാങ്ക് ഫോർ അഗ്രികൾച്ചർ ആൻഡ് റൂറൽ ഡെവലപ്മെന്റ് (എൻ എ ബി എ ആർ ഡി - നബാർഡ്) നടത്തുകയുണ്ടായി. നിയമപരമായ വ്യവസ്ഥകളുടെ ലംഘനം / ആർ.ബി.ഐ യുടെ മാർഗ്ഗരേഖകൾ പാലിക്കാതിരിക്കൽ തുടങ്ങിയ പരിശോധനാ കണ്ടെത്തലുകളുടെയും ഇതു സംബന്ധിച്ച അനുബന്ധ കത്തിടപാടുകളുടെയും അടിസ്ഥാനത്തിൽ, മേൽപറഞ്ഞ ആർ ബി ഐ നിർദ്ദേശങ്ങളും ബാങ്കിങ് റെഗുലേഷൻ ആക്ട് 1949 ലെ വ്യവസ്ഥകളും പാലിക്കാത്തതിൽ ഉണ്ടായ വീഴ്ചയുടെ പേരിൽ പിഴ

ചുമത്താതിരിക്കുന്നതിനുള്ള കാരണം കാണിക്കാൻ നിർദ്ദേശിച്ച് പ്രസ്തുത ബാങ്കിന് നോട്ടീസ് നൽകുകയുണ്ടായി.

നോട്ടിസിനുള്ള പ്രസ്തുത ബാങ്കിന്റെ മറുപടിയും വ്യക്തിപരമായ ഹിയറിംഗിൽ നല്കിയ വാക്കാലുള്ള സമർപ്പണങ്ങളും പരിഗണിച്ചതിൻ പ്രകാരം മറ്റുപലതിന്റെയും കൂട്ടത്തിൽ, താഴെ പറയുന്ന കുറ്റം ചാർത്തലുകൾ (ചാർജ്) നിലനിൽക്കുന്നതായി ആർ.ബി.ഐ കണ്ടെത്തുകയും, തന്മൂലം പണപ്പിഴ ചുമത്തൽ നിർബന്ധിതമാവുകയും ചെയ്തു.

പ്രസ്തുത ബാങ്ക്:

(i) അതിന്റെ ഡയറക്ടർമാർക്ക് നിശ്ചിത വായ്പകൾ അനുവദിച്ചു.
(ii) ഉടമസ്ഥത അവകാശപ്പെടാത്ത അർഹതയുള്ള നിക്ഷേപ തുകകൾ, നിക്ഷേപക വിദ്യാഭ്യാസ ബോധവൽക്കരണ ഫണ്ടിലേക്ക് കൈമാറ്റം ചെയ്യുന്നതിൽ വീഴ്ച വരുത്തി, കൂടാതെ,
(iii) ചില നിശ്ചിത പുതിയ അക്കൌണ്ടുകൾ ഓപ്പൺ ചെയ്യുന്ന സമയത്ത് കൃത്യമായ ഉപഭോക്തൃ ജാഗ്രതാ നടപടിക്രമം പാലിക്കുന്നതിൽ വീഴ്ച വരുത്തി.

ഈ നടപടി, നിയമം വ്യവസ്ഥാപനം ചെയ്യുന്ന ഉത്തരവുകൾ പാലിക്കുന്നതിലെ പോരായ്മകളെ അടിസ്ഥാനമാക്കിയുള്ളതാണ് എന്നു മാത്രമല്ല, ഇത് പ്രസ്തുത ബാങ്ക് അവരുടെ ഉപഭോക്താക്കളുമായി നടത്തിയിട്ടുള്ള ഏതെങ്കിലും ഇടപാടിന്റെയോ കരാറിന്റെയോ സാധുതയെക്കുറിച്ചുള്ള വിധി പറയുവാൻ ഉദ്ദേശിച്ചുള്ളതുമല്ല. കൂടാതെ, ഈ പണപ്പിഴ ചുമത്തൽ പ്രസ്തുത ബാങ്കിനെതിരെ ആർ.ബി.ഐ മേലിൽ ആരംഭിച്ചേക്കാവുന്ന മറ്റെന്തെങ്കിലും നടപടികളിന്മേൽ യാതൊരുവിധ മുൻവിധിയും ഉളവാക്കുന്നതല്ല.

**(പുനീത് പഞ്ചോളി)**
ചീഫ് ജനറൽ മാനേജർ

**പത്രക്കുറിപ്പ് :2024-2025/1550**